**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 870** **26-07-2021 - ൽ മറുപടിയ്ക്ക്**

**പന്ന്യന്നൂർ ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി നിയോജക മണ്ഡലത്തിലെ പന്ന്യന്നൂർ സർക്കാർ ഐ.ടി.ഐ.യുടെ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പന്ന്യന്നൂർ ഐ.ടി.ഐയുടെ കെട്ടിടനിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിരുന്ന പ്ലാനും എസ്റ്റിമേറ്റും പരിഗണിച്ച് 6.25 കോടി രൂപയുടെ ഭരണാനുമതി  അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ ഘടനയ്ക്ക് അനുയോജ്യമായ രീതിയിൽ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിച്ച പ്ലാൻ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ പൊതു മരാമത്ത് വകുപ്പിന് വ്യാവസായിക പരിശീലന വകുപ്പിൽ നിന്നും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് എന്തൊക്കെ നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്നും കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കുമോ? | (ബി) | പുതിയ കെട്ടിടത്തിന്റെ നിർമ്മാണ ത്തിനായി പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗം അന്തിമ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയത്  ലഭ്യമാകുന്ന മുറയ്ക്ക് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുവാനും സാങ്കേതികാനുമതിയ്ക്കായി എസ്റ്റിമേറ്റ് സമർപ്പിക്കാനും സാധിക്കുമെന്ന് പൊതു മരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ